റോഡരികിലെ വാഹന റിപ്പയറിംഗ് നിയന്ത്രിക്കാൻ നടപടി

95 [3792] *ശ്രീ. സി. ടി. അഹമ്മദ് അലി:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മമ്മൂട്ടി:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ റോഡരുകിൽ നിർത്തിയിട്ട് വർക്ക്ഷോപ്പുകാർ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതു കാരണം പല സ്ഥലങ്ങളിലും വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പയറിംഗിനുവേണ്ടി വണ്ടികൾ നിർത്തിയിടാൻ സ്ഥലസൗകര്യമില്ലാത്തവരേയും, വർക്ക് ഷോപ്പിനോട് ചേർന്നുതന്നെ അനധികൃത സർവ്വീസിംഗ് സെന്റർ നടത്തുന്നവരേയും നിയന്ത്രിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ

96 [3793] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്ന ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് എത്ര പഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ നാളിതുവരെ രൂപീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ജാഗ്രതാസമിതികളുടെ ഘടനയെക്കുറിച്ചും ഉൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും നിർദ്ദേശം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ത്രിതല പഞ്ചായത്തുകളിലെ വനിതാ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സമിതികൾ വിപുലീകരിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly